# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ</u>

<u>ചോദ്യം നം.3632</u> 19.<u>02.2013 ൽ മറുപടിക്ക്</u>

### <u>എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം</u>

| ചോദ്യം<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്: | | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യ മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ഉണ്ട്.<br><u>വിശദീകരണക്കുറിപ്പ്</u><br>1. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി കാസർഗോഡ് കളക്ടറേറ്റിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലിൽ ഇതു സംബന്ധിച്ച് പ്രവർത്തനങ്ങളുടെ മേൽ നോട്ടം നിർവഹിക്കുന്നതിനായി ഒരു ഡെപ്യൂട്ടി കളക്ടറുടെ തസ്തിക താല്ക്കാലികാടിസ്ഥാനത്തിൽ സൃഷ്ടിച്ചുകൊണ്ട് 8.7.2011 ലെ സ.ഉ.(എം.എസ്) നം.250/2011/ആർ.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ചികിത്സാ ആശ്വാസനടപടികളുടെയും പുനരധിവാസ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിലവിൽ വഹിക്കുന്നത് മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം നിയമനം ലഭിച്ച ഡെപ്യൂട്ടി കളക്ടർ (സ്പെഷ്യൽ സെൽ ഫോർ റീഹാബിലിറ്റേഷൻ ഓഫ് എൻഡോസൾഫാൻ വിക്ടിംസ്) ആണ്.<br>2.കാസറഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ, ആശ്വാസ നടപടികൾ നൽകുന്നതിലേക്കായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ല കളക്ടർ കൺവീനറായും ഉള്ള എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് & റെമഡിയേഷൻ സെൽ 2007 മുതൽ പ്രവർത്തിച്ച് വരുന്നുണ്ട്. ജില്ലയിലെ എം.പി / |
| (ബി) | എങ്കിൽ എപ്പോഴാണ് രൂപവൽക്കരിച്ചത് ; ഇതിന്റെ ഘടന എങ്ങനെയാണ്; വ്യക്തമാക്കുമോ; | | |
| (സി) | സെൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചെയർമാൻ, കൺവീനർ , അംഗങ്ങൾ എന്നിവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | എം.എൽ.എമാർ രക്ഷാധികാരികളായ സെല്ലിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ , ജില്ലയിലെ 11 എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ, സാമൂഹ്യക്ഷേമം, ആരോഗ്യം , വിദ്യാഭ്യാസം, പൊതുവിതരണം തുടങ്ങിയ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ അംഗങ്ങളാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും പി.എച്ച്.സി / സി.എച്ച്.സി യിലെ മെഡിക്കൽ ഓഫീസർ കൺവീനറും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളായുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വാർഡ്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനായി വാർഡ്തല സമിതികളും, വിവിധ വകുപ്പുകളിലെ വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള ഉപസമിതികളും പ്രസ്തുത സെല്ലിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിന്റെ 15.10.2011 ലെ സ.ഉ(സാധാ) 3619/2011/ ആ.കു.വ നമ്പർ ഉത്തരവ് എന്തിനുവേണ്ടിയായിരുന്നു എന്ന് വ്യക്തമാക്കാമോ; | (ഡി) യും (ഇ) യും | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, അവലോകനം ചെയ്യുന്നതിനുമായിട്ടാണ് 15.10.2011 ലെ സർക്കാർ (സാധാ) നം.3619/11/ആ.കു.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. ബഹു.കൃഷിമന്ത്രി ചെയർമാനും, ജില്ല കളക്ടർ കൺവീനറും വിവധതലങ്ങിലുള്ള 49 പേർ അംഗങ്ങളായുള്ള ജില്ലാതല സെൽ ആണ് മേൽ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിൽ ചില അവ്യക്തതകൾ ഉള്ളതിനാൽ സെല്ലിന്റെ രൂപഘടനയിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനു വേണ്ടി ജില്ലാ കളക്ടർ ശുപാർശ നടത്തിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഇ) | പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ